**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1082** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഷൊര്‍ണ്ണൂര്‍ മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. റോഷി അഗസ്റ്റിന്‍<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഷൊര്‍ണ്ണൂര്‍ മണ്ഡലത്തിലെ ചെര്‍പ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലും ചളവറ, അനങ്ങനാടി, തൃക്കടീരി പഞ്ചായത്തുകളിലും ശുദ്ധജലം എത്തിക്കുന്നതിന് വേണ്ടി ജലജീവന്‍ മിഷന്‍, അമൃത്2.0, സ്റ്റേറ്റ് പ്ലാന്‍ എന്നീ പദ്ധതികളില്‍ ഉള്‍പ്പെടുത്തിക്കൊണ്ട് നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ നടന്നുകൊണ്ടിരിക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവര്‍ത്തനങ്ങള്‍ വിശദമാക്കാമോ; ഈ പദ്ധതി എന്ന് പൂര്‍ത്തീകരിക്കാന്‍ കഴിയുമെന്ന് അറിയിക്കുമോ; | (എ) | ഷൊര്‍ണ്ണൂര്‍ മണ്ഡലത്തിലെ ചെര്‍പ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലും ചളവറ, അനങ്ങാനാടി, തൃക്കടീരി പഞ്ചായത്തുകളിലും ശുദ്ധജലം എത്തിക്കുന്നതിന് വേണ്ടി ജലജീവന്‍ മിഷന്‍, അമൃത്, സ്റ്റേറ്റ് പ്ളാന്‍ എന്നീ പദ്ധതികളില്‍ ഉള്‍പ്പെടുത്തിക്കൊണ്ട് നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ നടന്നുകൊണ്ടിരിക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവര്‍ത്തനങ്ങളുടെ വിശദാംശങ്ങള്‍ അനുബന്ധമായി ചേര്‍ക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ ജലം സംഭരിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്ത തടയണ നിര്‍മ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ബി) | അനങ്ങാനാടി, ചളവറ & തൃക്കടീരി പഞ്ചായത്തുകള്‍ക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ചെര്‍പ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ പാപ്പറമ്പ് എന്ന് സ്ഥലത്ത് തൂതപ്പുഴയ്ക്ക് കുറുകെ തടയണ നിര്‍മ്മിയ്ക്കുന്നതിന് 60549718.70 രൂപ വകയിരുത്തിയിരുന്നു. തടയണയുടെ ഇന്‍വെസ്റ്റിഗേഷന്‍ പ്രവര്‍ത്തനങ്ങള്‍ക്കായി ജലസേചനവകുപ്പിന് കീഴില്‍ വരുന്ന IDRBമുഖേന Kerala Engineer Research Institute നെ ചുമതലപ്പെടുത്തി. തുടര്‍ന്ന് ടി പ്രവൃത്തികള്‍ക്കായി 12,61,680/- രൂപ KERI എന്ന സ്ഥാപനത്തിന് നല്‍കി. ഇന്‍വെസ്റ്റിഗേഷന്‍ പ്രവൃത്തി പൂര്‍ത്തീകരിച്ച് KERI, റിപ്പോര്‍ട്ടുകള്‍ കേരള വാട്ടര്‍ അതോറിറ്റിയിലേക്കും, IDRB യുടെ കേന്ദ്ര കാര്യാലയത്തിലേക്കും കൈമാറിയിട്ടുണ്ട്.<br><br>തുടര്‍ പ്രവര്‍ത്തനങ്ങളുമായി ബന്ധപ്പെട്ട് IDRB യുമായി നടത്തിയ ആശയവിനിമയത്തെ തുടര്‍ന്ന് IDRB ആവശ്യപ്പെട്ട Design Indent ല്‍ ലഭ്യമായ വിവരങ്ങള്‍ ഉള്‍പ്പെടുത്തി 12/04/2023 ന് നല്‍കി. തുടര്‍ന്ന് 30.10.2023 ന് IDRB സ്ഥലം സന്ദര്‍ശിച്ച് ആവശ്യപ്പെട്ട വിവരങ്ങള്‍ നല്‍കിയിട്ടുണ്ട്. ഡിസൈന്‍ പൂര്‍ത്തിയാക്കി എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുക |

| | | | |
|---|---|---|---|
| | | | Deposit ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## അനങ്ങടി, ചളവറ & തൃക്കടീരി പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി

ഷൊർണ്ണൂർ നിയമസഭ മണ്ഡലത്തിനു കീഴിലുള്ള അനങ്ങടി, ചളവറ & തൃക്കടീരി പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 187.81 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളും അനങ്ങടി, ചളവറ & തൃക്കടീരി പഞ്ചായത്തുകൾ സംയുക്തമായും പൊതുജന പങ്കാളിത്തത്തോടുകൂടിയും നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ മൂന്നു പഞ്ചായത്തുകളിലെ എല്ലാ ഭവനങ്ങളിലും ടാപ്പുകൾ വഴി ശുദ്ധമായ കുടിവെള്ളം എത്തിക്കുകയാണ് ലക്ഷ്യം. മൂന്നു പഞ്ചായത്തുകളിലുമായി 2053-ലെ പ്രതീക്ഷിത ജനസംഖ്യയായ 142453 പേർക്ക് ആളോഹരി പ്രതിദിനം 100 ലിറ്റർ എന്ന രീതിയിൽ കുടിവെള്ളം ലഭ്യമാക്കുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതിക്കായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ജൽ ജീവൻ മിഷനിലും സ്റ്റേറ്റ് പ്ലാനിലും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഈ പദ്ധതി 4 പ്രവൃത്തികളായിട്ടാണ് ദർഘാസ് ക്ഷണിച്ചത്. ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി അനുമതി നൽകിയ 22 എംഎൽഡി ജലശുദ്ധീകരണശാലയുടെയും സ്റ്റേറ്റ് പ്ലാനിൽ അനുമതി നൽകിയ 27 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, റോ വാട്ടർ ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ ഉൾപ്പെടുന്നു. ഈ പ്രവൃത്തിക്കായി 13.10.2022 ന് വർക് ഓർഡർ നൽകി, 19.10.2022 ന് എഗ്രിമെൻറ് വെച്ച് പ്രവൃത്തി ആരംഭിച്ചു ടി പ്രവൃത്തിയിൽ ഉൾപ്പെട്ട കിണറിൻറെ 14-ാമത്തെ ലിഫ്റ്റ് വരെ പൂർത്തീകരിച്ചു, 21 ലക്ഷം ലിറ്റർ ഉന്നതതലജലസംഭരണി- കവർസ്ലാബ് പൂർത്തീകരിച്ച് പ്ലാസ്റ്ററിങ് നടന്നുവരുന്നു, ജലശുദ്ധീകരണശാലയിലെ ഫിൽറ്റർ ഗ്യാലറി-ഓപ്പറേറ്റിംഗ് പ്ലാറ്റ്ഫോം പൂർത്തീകരിച്ചു. സെക്കൻറ് ഫ്ളോർ വരെ പൂർത്തീകരിച്ചു. വാഷ് വാട്ടർ ടാങ്ക്- ചാനൽ ഷട്ടറിംഗ് പണി നടക്കുന്നു. 27 ലക്ഷം ലിറ്റർ ഉന്നതതലജലസംഭരണി- സൈഡ് വാളിൻറെ സെക്കൻറ് ലിഫ്റ്റ് വരെ പൂർത്തീകരിച്ചു. 9.8 കി.മീറ്ററോളം പമ്പിംഗ് മെയിൻ സ്ഥാപിച്ചിട്ടുണ്ട്. 2024 ഏപ്രിൽ മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

അനങ്ങനടി പഞ്ചായത്തിൽ 139 കിലോമീറ്ററോളം വിതരണശൃംഖല സ്ഥാപിക്കുന്നതിനും 3723 കുടിവെള്ള കണക്ഷനുകൾ വൈകുന്നതിനായുള്ള പ്രവൃത്തിയ്ക്ക് 26.08.2022 ന് വർക് ഓർഡർ നൽകി, 05.09.2022 ന് എഗ്രിമെൻറ് വെച്ച് പ്രവൃത്തി ആരംഭിച്ചു. ടി പഞ്ചായത്തിൽ 130 കിലോ മീറ്ററോളം വിതരണ ശൃംഖല സ്ഥാപിക്കുകയും 3370 കണക്ഷനുകൾ (എച്ച്.ടി.സി) 113 (എഫ്.എച്ച്.ടി.സി) നൽകുകയും ചെയ്തു. 2024 മാർച്ച് മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ചളവറ പഞ്ചായത്തിൽ 175 കിലോമീറ്ററോളം വിതരണശൃംഖല സ്ഥാപിക്കുന്നതിനും 5412 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമായി 26.08.2022 ന് വർക് ഓർഡർ നൽകി, 13.09.2022 ന് എഗ്രിമെൻറ് വെച്ചിട്ടുണ്ട്. ടി പഞ്ചായത്തിൽ 105 കിലോ മീറ്ററോളം വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. 2024 മാർച്ച് മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

തൃക്കടീരി പഞ്ചായത്തിൽ 140 കിലോമീറ്ററോളം വിതരണശൃംഖല സ്ഥാപിക്കുന്നതിനും 6229 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമായി 13.10.2022 ന് വർക് ഓർഡർ നൽകി, 21.10.2022 ന് എഗ്രിമെൻറ് വെച്ച് പ്രവൃത്തി ആരംഭിച്ചു. ടി പഞ്ചായത്തിൽ 97 കിലോമീറ്ററോളം വിതരണ ശൃംഖല സ്ഥാപിക്കുകയും 2375 കണക്ഷനുകൾ(എച്ച്.ടി.സി) നൽകുകയും ചെയ്തു. 2024 മാർച്ച് മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

• അമൃത് പദ്ധതി : ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി:

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 2300 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമായി 24.11.2022 ന് 10.029 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും സാങ്കേതികാനുമതി നൽകി പ്രവർത്തി ടെൻഡർ ചെയ്യുകയും, പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. 15 കി ലോമീറ്റ ർ വിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 10 കി.മീറ്ററോളം പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. 2024 മാർച്ച് മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.